


# അറിവോരം

കേരള നിയമസഭയുടെ ഔദ്യോഗിക ന്യൂസ്‌ലെറ്റർ

നം . 01/2018 | നവംബർ 2018 | തിരുവനന്തപുരം | പേജ് 10





നിയമസഭാ സമുച്ചയത്തിലെ ഗാന്ധിജയന്തി ദിനാഘോഷം » 02

ഹരിത നിയമസഭാ സമുച്ചയം കരനെൽകൃഷിയിൽ ഒരു മാതൃക » 03

സമിതി റിപ്പോർട്ടുകൾ ഇനി കോടതി കയറും » 04




## ചീഫ് എഡിറ്ററുടെ ഡെസ്കിൽ നിന്ന്

കേരള നിയമസഭയുടെ വജ്രജൂബിലി ആഘോഷങ്ങളുടെ പരിസമാപ്തി കുറിക്കുന്ന നാളുകളിൽ 'അറിവോരം' എന്ന പേരിൽ ഒരു ഔദ്യോഗിക ന്യൂസ്‌ലെറ്റർ ഓൺലൈനായി പ്രസിദ്ധീകരിക്കുവാൻ സാധിച്ചതിൽ ചാരിതാർത്ഥ്യമുണ്ട്. നിയമസഭാപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഒട്ടനവധി ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചിട്ടുള്ളതിന്റെ ഖ്യാതി നിലനിൽക്കുന്നുണ്ടെങ്കിലും കേരള നിയമസഭയുടെ ചരിത്രത്തിലാദ്യമായാണ് ഓൺലൈൻ ന്യൂസ്‌ലെറ്റർ എന്ന ആശയം പ്രാവർത്തികമാക്കപ്പെടുന്നത്.

അറിയാനുള്ള ജനങ്ങളുടെ അവകാശമെന്നത് ജനാധിപത്യത്തിൽ മൗലികമാണ്. വിവിധ മാധ്യമങ്ങളിലൂടെ ഈ അവകാശം നിറവേറ്റപ്പെടുന്നു. ആനുകാലിക വാർത്താമാധ്യമങ്ങളിൽ നിയമസഭാവാർത്തകളുടെ റിപ്പോർട്ടിംഗിന് കാര്യമായ പരിഗണന ലഭിക്കുന്നില്ല എന്ന പരാതിയും പരക്കെയുണ്ട്. സഭയ്ക്കുള്ളിലും സഭയെ സംബന്ധിച്ചുമുള്ള വാർത്തകളും വിവരങ്ങളും ആധികാരികതയോടെ സമയബന്ധിതമായി ജനങ്ങളിലെത്തിക്കുക എന്ന ദൗത്യമാണ് ഇതിലൂടെ ലക്ഷ്യമാക്കിയിട്ടുള്ളത്.

നിയമസഭയെയും സാമാജികരെയും സംബന്ധിക്കുന്ന വാർത്തകൾ, സഭാസമ്മേളന റിപ്പോർട്ടുകൾ, സ്പീക്കറുടെയും ഡെപ്യൂട്ടി സ്പീക്കറുടെയും ഔദ്യോഗിക പരിപാടികൾ, നിയമസഭയുമായി ബന്ധപ്പെട്ട അറിയിപ്പുകൾ, നിയമസഭയുടേയോ നിയമസഭാസെക്രട്ടേറിയറ്റിന്റെയോ പങ്കാളിത്തത്തോടെ സംഘടിപ്പിക്കുന്ന പരിപാടികൾ, റൂളിംഗുകൾ, നിയമസഭാ സമിതി റിപ്പോർട്ടുകളിലെ പ്രധാന ശിപാർശകൾ, നിയമനിർമ്മാണവുമായി ബന്ധപ്പെട്ട വിധിന്യായങ്ങൾ എന്നിവയാണ് പ്രധാനമായും ന്യൂസ്‌ലെറ്ററിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥലപരിമിതി കണക്കിലെടുത്ത് ന്യൂസ്‌ലെറ്ററിലെ വാർത്തകളുടെ അധികവിവരങ്ങൾ ലഭിക്കുന്നതിന് പ്രസക്തമായ ഭാഗത്ത് ബന്ധപ്പെട്ട സൈറ്റിലേക്ക് ലിങ്ക് ചെയ്യുന്നതിനുള്ള സംവിധാനം ക്രമീകരിച്ചിട്ടുണ്ട്. നിയമസഭാരേഖകളിൽ നിന്ന് വാർത്തകളും കുറിപ്പുകളും സമാഹരിച്ച് ന്യൂസ്‌ലെറ്ററിന്റെ ഉള്ളടക്കം നിയമസഭാസെക്രട്ടേറിയറ്റിലെ വിവരവിഭവ വികസന വിഭാഗം വഴി തയ്യാറാക്കി കേരള നിയമസഭയുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

തികച്ചും ലളിതമായ ഭാഷയിൽ, രാഷ്ട്രീയ പക്ഷങ്ങൾക്കതീതമായാണ് ന്യൂസ്‌ലെറ്റർ തയ്യാറാക്കിയിരിക്കുന്നത്. ശാസ്ത്രത്തിന്റെ കുതിച്ചുകയറ്റത്തിൽ, നൂതന വിവരകൈമാറ്റ സംവിധാനങ്ങൾ പുരോഗതി പ്രാപിച്ചുകൊണ്ടിരിക്കുകയും ഓൺലൈൻ സംവിധാനത്തിലെ വായനയ്ക്ക് പ്രിയമേറി വരികയും ചെയ്യുന്ന ഈ കാലഘട്ടത്തിൽ, യാത്രാവേളകളിൽപോലും കൈവശമുള്ള സ്മാർട്ട് ഫോണിലൂടെ വായിക്കുവാൻ കഴിയുന്ന തരത്തിലാണ് ഈ വാർത്താപത്രിക രൂപകല്പന ചെയ്തിരിക്കുന്നത്. ലോകമെമ്പാടുമുള്ള മലയാളികൾക്ക് ഇത് പ്രയോജനപ്രദമാവുമെന്ന് കരുതുന്നു.

ആദ്യസംരംഭമെന്ന നിലയിൽ പോരായ്മകൾ കടന്നുവന്നിട്ടുണ്ടാകാം. വരും കാലങ്ങളിൽ, കൂടുതൽ മികവോടെ പൊതുസമൂഹത്തെയും കേരള നിയമസഭയെയും ബന്ധിപ്പിക്കുന്ന ശക്തമായ ഒരു കണ്ണിയായി ഇതിന് മാറാൻ കഴിയുമെന്ന് പ്രതീക്ഷിക്കാം.

**വി.കെ.ബാബുപ്രകാശ്**
ചീഫ് എഡിറ്റർ

# നിയമസഭാ വാർത്തകൾ പൊതുസമൂഹത്തിലേയ്ക്ക്

**പി. ശ്രീരാമകൃഷ്ണൻ**
സ്പീക്കർ, കേരള നിയമസഭ

കേരളപ്പിറവിയുടെ അറുപത്തിരണ്ടാം വാർഷികം ആഘോഷിക്കുന്ന അവസരത്തിൽ എല്ലാ കേരളീയർക്കും ഊഷ്മളമായ കേരളപ്പിറവി ആശംസകൾ.

ഒരു മഹാപ്രളയവും പ്രകൃതി ദുരന്തവും കേരളത്തിന് വരുത്തിയ മുറിവുകൾ ഇനിയും ഉണങ്ങിയിട്ടില്ല. ദുരന്തമഴയിലും ഉരുൾപൊട്ടലിലും ജീവൻ നഷ്ടപ്പെട്ടവർക്ക് ആദരാഞ്ജലി. ദുരിതബാധിതർക്ക് കൈത്താങ്ങാകുന്നതിനും ദുരിതാശ്വാസപ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നതിനും കേരള സമൂഹം കാണിച്ച സന്മനസ്സിന് ഒരായിരം നന്ദി. ഒരു നവകേരളം കെട്ടിപ്പടുക്കുന്നതിനും ഈ ഒരുമയുടെ മാതൃക പിന്തുടരാം.

കേരളനിയമസഭയുടെ ഓൺലൈൻ ന്യൂസ്‌ലെറ്ററിന്റെ ആദ്യലക്കം കേരളപ്പിറവി ദിനാഘോഷത്തോടനുബന്ധിച്ച് പ്രസിദ്ധീകരിക്കാനായതിൽ സന്തോഷമുണ്ട്. ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളുമായി തുലനം ചെയ്യുമ്പോൾ പല പരിഷ്കാരങ്ങൾക്കും മാതൃകയായത് കേരള നിയമസഭയാണ്. ഓൺലൈൻ ന്യൂസ്‌ലെറ്ററും ഈ ശ്രേണിയിൽ ഉൾപ്പെടുന്നുവെന്നത് അഭിമാനകരമാണ്.

പാർലമെന്ററി ജനാധിപത്യ സംവിധാനത്തിൽ നിയമസഭയുടെയും ജനപ്രതിനിധികളുടെയും പ്രവർത്തനങ്ങൾ സത്യസന്ധമായും സമയബന്ധിതമായും ജനങ്ങളിലെത്തിക്കുകയെന്നത് സുപ്രധാനമാണ്. സഭയും ജനങ്ങളും തമ്മിലുള്ള വിശ്വാസവും ബന്ധവും കൂട്ടിയിണക്കുന്നതിന് ഈ വാർത്താപത്രിക സഹായകരമാകുമെന്നതിൽ സംശയമില്ല. നിയമസഭയുമായി ബന്ധപ്പെട്ട വിവരങ്ങൾ സംക്ഷിപ്ത രൂപത്തിലാണെങ്കിൽപോലും വസ്തുനിഷ്ഠമായി, അതിവേഗത്തിൽ ലോകമെമ്പാടുമുള്ള ജനങ്ങളിലേയ്ക്ക് പകരുന്നതിനുള്ള ഏറ്റവും ലളിതമായ മാർഗ്ഗം കൂടിയാണിത്. ഓൺലൈൻ മാധ്യമത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തിയാണ് ന്യൂസ്‌ലെറ്റർ പുറത്തിറക്കുന്നത്. വാർത്തകൾ കുറഞ്ഞ ചെലവിൽ ജനങ്ങളിലെത്തിക്കാമെന്നതും ഓൺലൈൻ പ്രസിദ്ധീകരണത്തിന്റെ പ്രസക്തി വർദ്ധിപ്പിക്കുന്നു. മഹത്തായ കേരള നിയമസഭയുടെ വാർത്താമാധ്യമമായ അറിവോരത്തിലൂടെ നമ്മുടെ ജനാധിപത്യം സർഗ്ഗാത്മകമാകട്ടെ.

ഈ ഉദ്യമത്തിന്റെ പിന്നിൽ പ്രവർത്തിച്ചവരെ അഭിനന്ദിക്കുന്നു. മാന്യവായനക്കാർക്ക് ആശംസകൾ.





"ഭയപ്പെടുത്തി ഉണ്ടാക്കുന്ന നിശബ്ദത യഥാർത്ഥ നിശബ്ദതയല്ല
-മഹാത്മാഗാന്ധി"




# നിയമസഭാ സമുച്ചയത്തിലെ ഗാന്ധിജയന്തി ദിനാഘോഷം

രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെ 150-ാം ജന്മവാർഷിക ദിനാചരണത്തിന്റെ ഭാഗമായി 2018 ഒക്ടോബർ 2-ാം തീയതി, നിയമസഭാ സമുച്ചയത്തിലെ ഗാന്ധിപ്രതിമയിൽ കേരള ഗവർണ്ണർ ജസ്റ്റിസ് (റിട്ട.) പി.സദാശിവം പുഷ്പാർച്ചന നടത്തി. ചടങ്ങിൽ നിയമസഭാ സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, നിയമസഭാ സെക്രട്ടറി, റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി, എന്നിവർ പങ്കെടുത്തു.



"ഈ രാജ്യത്തെ ജനങ്ങളുടെ ജീവിതം സത്യത്തിന്റെ മാർഗത്തിലൂടെ നയിക്കുന്നതിന് നിങ്ങളെപ്പോലുള്ളവരുടെ ജീവിതം ചെലവഴിക്കണമെന്ന് ഗാന്ധിജി ഞങ്ങളോട് പറഞ്ഞു. നിങ്ങൾ ജനങ്ങളെ മതാതീതമായ മാനവത്വം എന്തെന്ന് പഠിപ്പിക്കണമെന്നും മതത്തിന്റെയും കക്ഷിയുടെയും പേരിൽ വോട്ട് പിടിക്കുന്നവരുടെ ഇടയിൽ സ്വകാര്യമില്ലാതെ പരമാർത്ഥമായി ഒരു പ്രവർത്തനം നടത്തുകയാണ് പ്രധാനമായും ചെയ്യാനുള്ളതെന്നും ഗാന്ധിജി പറഞ്ഞു".

- ഗാന്ധിയൻ
പി.ഗോപിനാഥൻ നായർ



ഫ്രെഡ് റിസ്സർ

# മുഖ്യമന്ത്രി പറഞ്ഞ സെനറ്റർ

അരനൂറ്റാണ്ട് കാലം തുടർച്ചയായി കേരള നിയമസഭയിൽ അംഗമായ കെ.എം.മാണിയെ 2017 മാർച്ച് 15ന് നിയമസഭ അഭിനന്ദിച്ചു. 1967 മുതൽ തുടർച്ചയായ അൻപത് വർഷക്കാലം ഒരേ മണ്ഡലത്തിൽ നിന്നുതന്നെ ജയിച്ച് നിയമസഭാ സാമാജികനായിരിക്കുകയെന്നത് കേരളനിയമസഭയുടേതെന്നല്ല ലോക്സഭാചരിത്രത്തിൽ പോലും മറ്റൊരാൾക്കും അവകാശപ്പെടാനില്ലാത്ത റിക്കാർഡാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ സഭയിൽ പറഞ്ഞു. 'കേരളത്തിന്റെ ഫ്രെഡ് റിസ്സറാണ് 'കെ.എം.മാണി എന്ന് അദ്ദേഹം വിശേഷിപ്പിച്ചു.

മുഖ്യമന്ത്രി പറഞ്ഞ ഫ്രെഡ് റിസ്സറിനെക്കുറിച്ച്...

അമേരിക്കയിലെ വിസ്കോൺസിൻ സെനറ്റിൽ 1962 മുതൽ തുടർച്ചയായി ജയിച്ചെത്തി ഇപ്പോഴും അതിൽ തുടരുന്ന ഫ്രെഡ് എ.റിസ്സറാണ് ലോകചരിത്രത്തിൽ ഏറ്റവും കൂടുതൽ കാലം നിയമസഭാംഗമായിരുന്നിട്ടുള്ളത്. സ്റ്റേറ്റ് അസംബ്ലിയിലും സ്റ്റേറ്റ് സെനറ്റിലുമായി 59 വർഷക്കാലത്തെ പ്രവർത്തന പരിചയം. 1956-ൽ സ്റ്റേറ്റ് അസംബ്ലിയിൽ തെരഞ്ഞെടുക്കപ്പെടുകയും 1962-ൽ സ്റ്റേറ്റ് സെനറ്റിൽ മത്സരിച്ച് വിജയിക്കുന്നതിനുമുമ്പ് മൂന്നുതവണ സ്റ്റേററ് അസംബ്ലി അംഗമാകുകയും ചെയ്തു. ലെക്സിംഗ്ടൺ ആസ്ഥാനമായുള്ള കൗൺസിൽ ഓഫ് സ്റ്റേറ്റ് ഗവൺമെന്റ് എന്ന സംഘടന നടത്തിയ സർവ്വേയിൽ ഏറ്റവും

'ഇങ്ങനെയൊരു റിക്കോർഡ് ലോകത്തെവിടെയെങ്കിലും ഉണ്ടാകുമോയെന്ന് നിശ്ചയമില്ല. അമേരിക്കയിലെ വിസ്കോൺസിൻ സെനറ്റിൽ 1962 മുതൽ തുടർച്ചയായി ജയിച്ചെത്തിയതും ഇപ്പോഴും ആ സെനറ്റിൽ തുടരുന്നതുമായ ഒരു ആൾ ഉണ്ട്. ഫ്രെഡ് റിസ്സർ. 'കേരളത്തിന്റെ ഫ്രെഡ് റിസ്സർ' ആരാണെന്നു ചോദിച്ചാൽ ശ്രീ. കെ.എം.മാണിയാണെന്നാണ് ഉത്തരം. വെറുതെയല്ല മഹാകവി പാലാ നാരായണൻ നായർ ശ്രീ. കെ.എം.മാണിയെ 'മാണി പ്രമാണി' എന്ന് ഒരു കവിതയിൽ വിശേഷിപ്പിച്ചത്."

മുഖ്യമന്ത്രി



കെ.എം. മാണി

കൂടുതൽ കാലം നിയമസഭാംഗമായിരുന്ന വ്യക്തി ഫ്രെഡ് എ.റിസ്സർ ആണെന്ന് കണ്ടെത്തുകയുണ്ടായി. അൻപത്തിയാറ് വർഷം പ്രവർത്തിച്ച മിസ്സൗറിയിലെ സെനറ്റർ മിഖായേൽ കിന്നി, ജോർജിയയിൽ നിന്നുള്ള സെനറ്റർ ഹഗ്ഗ് എം. ഗില്ലിസ് എന്നിവരാണ് രണ്ടാം സ്ഥാനത്ത്.

ഫ്രെഡ് എ. റിസ്സർ 1962 മുതൽ വിസ്കോൺസിൻ സെനറ്റിൽ 26-ാമത് ജില്ലയെ പ്രതിനിധീകരിച്ച ഡെമോക്രാറ്റിക് പാർട്ടി അംഗമാണ്. ഒരു തെരഞ്ഞെടുപ്പിലും പരാജയപ്പെട്ടിരുന്നില്ലെന്നതും ശ്രദ്ധേയമാണ്. അമേരിക്കൻ രാഷ്ട്രീയ ചരിത്രത്തിൽ റിസ്സറിനെപ്പോലെ ദീർഘകാലം സ്റ്റേറ്റ് ലെജിസ്ലേറ്റർ ആയിട്ടുള്ള മറ്റൊരു വ്യക്തി ഉണ്ടായിട്ടില്ല. നിയമസഭാംഗമെന്ന നിലയിൽ അദ്ദേഹത്തിന്റെ പ്രവർത്തനം ഭാഗികമായി അസംബ്ലിയിലായിരുന്നതിനാലാണ് ഏറ്റവും കൂടുതൽകാലത്തെ അമേരിക്കയിലെ സ്റ്റേറ്റ് സെനറ്റർ എന്ന പദവി അദ്ദേഹത്തിന് ലഭിക്കാതെപോയത്.

1927 മേയ് 5-ന് മാഡിസണിലായിരുന്നു ഫ്രെഡ് എ. റിസ്സറിന്റെ ജനനം. വിസ്കോൺസിൻ രാഷ്ട്രീയ ചരിത്രത്തിൽ സമുന്നത സ്ഥാനമുണ്ടായിരുന്ന ഒരു കുടുംബ പശ്ചാത്തലമാണ് അദ്ദേഹത്തിന്റേത്. റിസ്സറിന്റെ പിതാവ് ഫ്രെഡ് ഇ. റിസ്സർ, പിതാമഹൻ ഏണസ്റ്റ് വാർണർ, പ്രപിതാമഹൻ ക്ലെമന്റ് വാർണർ എന്നിവർ വിസ്കോൺസിൻ നിയമസഭാംഗങ്ങളായിരുന്നു. മാഡിസണിലെ പബ്ളിക് സ്കൂളുകളിലെ വിദ്യാഭ്യാസത്തിനു ശേഷം കാൾട്ടൺ കോളേജിലും വിസ്കോൺസിൻ യൂണിവേഴ്സിറ്റിയിലും ഫ്രെഡ് റിസ്സർ പഠനം നടത്തി. ഓറിഗൺ യൂണിവേഴ്സിറ്റിയിലെ ലാ സ്കൂളിൽ നിന്ന് നിയമബിരുദം നേടിയതിനുശേഷം മാഡിസണിൽ അറ്റോർണിയായി പ്രാക്ടീസ് ആരംഭിച്ചു. വിസ്കോൺസിൻ സ്റ്റേറ്റ് ബാർ, ഓറിഗൺ സ്റ്റേറ്റ് ബാർ എന്നിവയിൽ അംഗമായിരുന്നു. രണ്ടാം ലോകമഹായുദ്ധകാലത്ത് അമേരിക്കൻ നാവികസേനയിലും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

നം . 01/2018 നവംബർ 2018 | തിരുവനന്തപുരം

അറിവോരം
കേരള നിയമസഭയുടെ ഔദ്യോഗിക ന്യൂസ് ലെറ്റർ

## സന്ദേശം

കേരള നിയമസഭ “അറിവോരം” എന്ന പേരിൽ വാർത്താപത്രിക പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ അത്യധികം സന്തോഷിക്കുന്നു. നിയമസഭയേയും സാമാജികരേയും സംബന്ധിച്ച വാർത്തകൾ ആധികാരികതയോടെ സമയബന്ധിതമായി പൊതു സമൂഹത്തിലെത്തിക്കാനും പാർലമെന്ററി ജനാധിപത്യ സംവിധാനത്തിന്റെ മൂല്യങ്ങളെ ഉയർത്തിപ്പിടിച്ച് നവീന മാധ്യമങ്ങളിലൂടെ വാർത്തകൾ പ്രചരിപ്പിക്കാനും മാധ്യമധർമ്മത്തെ സത്യസന്ധമായി സമൂഹത്തിൽ ചിത്രീകരിക്കാനും ഈ വാർത്താപത്രികയ്ക്ക് കഴിയട്ടെ എന്നാശംസിക്കുന്നു



**വി. ശശി**
ഡെപ്യൂട്ടി സ്പീക്കർ
കേരള നിയമസഭ

# നിയമസഭാ മാധ്യമ അവാർഡുകൾ 2018

### 2018-ലെ നിയമസഭാ മാധ്യമ അവാർഡുകൾ പ്രഖ്യാപിച്ചു



വി.എസ്. രാജേഷ്


പി.എസ്.റംഷാദ്


പി.ആർ.പ്രവീണ


ഷെബിൻ മെഹബൂബ്


ഉല്ലാസൻ പി.


സജീഷ് കെ

മലയാളഭാഷയുടെയും സംസ്കാരത്തിന്റെയും പരിപോഷണത്തിന് ഊർജ്ജം പകരുന്ന ആർ. ശങ്കരനാരായണൻ തമ്പി നിയമസഭാ മാധ്യമഅവാർഡിന് അച്ചടി മാധ്യമവിഭാഗത്തിൽ ഷെബിൻ മെഹബൂബ് അർഹനായി. 2017 നവംബർ 27-ന് മാധ്യമം ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിച്ച 'കടൽപാടിയ പാട്ടുകൾ' എന്ന രചനയ്ക്കാണ് അവാർഡ്. 2017 നവംബർ 26ന് മീഡിയാ വൺ ടി.വി.യിൽ സംപ്രേഷണം ചെയ്ത നേർക്കാഴ്ച എന്ന പരമ്പരയിലെ 'അധ്യാത്മിക രാഷ്ട്രീയം - കാവുകളെ ക്ഷേത്രങ്ങളാക്കുമ്പോൾ' എന്ന എപ്പിസോഡ് സംവിധാനം ചെയ്ത ഉല്ലാസൻ പി. യാണ് ദൃശ്യമാധ്യമ ഇനത്തിൽ പുരസ്കാര ജേതാവായത്.

അന്വേഷണാത്മക മാധ്യമപ്രവർത്തനത്തിന് ഏർപ്പെടുത്തിയ ഇ.കെ. നായനാർ നിയമസഭാ മാധ്യമ അവാർഡിന് അച്ചടി മാധ്യമ വിഭാഗത്തിൽ വി.എസ്. രാജേഷ് അർഹനായി. കേരള കൗമുദി ദിനപ്പത്രത്തിൽ 2017 ജനുവരി 23 മുതൽ 29 വരെ പ്രസിദ്ധീകരിച്ച 'ജീവൻരക്ഷയിലും കച്ചവടം' എന്ന പരമ്പരയാണ് അവാർഡിനായി തെരഞ്ഞെടുത്തത്. ദൃശ്യമാധ്യമവിഭാഗത്തിൽ പി.ആർ.പ്രവീണയാണ് പുരസ്കാര ജേതാവ്. ഏഷ്യാനെറ്റ് ന്യൂസ് ചാനലിൽ 2017 ഫെബ്രുവരി 25 ന് സംപ്രേഷണം ചെയ്ത 'ഉപയോഗശൂന്യമായ മരുന്നുകൾ അശാസ്ത്രീയമായി നശിപ്പിക്കുന്നു' എന്ന പരിപാടിയാണ് പി.ആർ.പ്രവീണയെ അവാർഡിന് അർഹയാക്കിയത്.

നിയമസഭാ നടപടികളുടെ ഏറ്റവും മികച്ച റിപ്പോർട്ടിംഗിന് ഏർപ്പെടുത്തിയിട്ടുള്ള ജി. കാർത്തികേയൻ നിയമസഭാ മാധ്യമ അവാർഡ് അച്ചടിമാധ്യമവിഭാഗത്തിൽ മലയാളം വാരികയുടെ 2017 മെയ് ലക്കത്തിൽ പ്രസിദ്ധീകരിച്ച 'അറിയുക, ഔദ്യോഗികമല്ല മലയാള ഭാഷ' എന്ന സൃഷ്ടിയുടെ രചയിതാവ് പി.എസ്.റംഷാദിന് ലഭിച്ചു. മീഡിയാ വൺ ടി.വി.യിൽ 2017 ഡിസംബർ 24-ന് സംപ്രേഷണം ചെയ്ത 'ഓർഡർ-ഓർഡർ നിയമസഭ@60' എന്ന പരിപാടിയാണ് സജീഷ് കെ. യെ ദൃശ്യമാധ്യമവിഭാഗത്തിൽ അവാർഡിന് അർഹനാക്കിയത്.

2017 ജനുവരി മുതൽ ഡിസംബർ വരെ പ്രസിദ്ധീകരിച്ച/സംപ്രേഷണം ചെയ്ത റിപ്പോർട്ടുകളാണ് പുരസ്കാരത്തിനായി പരിഗണിച്ചത്. അമ്പതിനായിരം രൂപയും പ്രശസ്തിപത്രവും ഫലകവും അടങ്ങുന്നതാണ് ഓരോ അവാർഡും.

ഡോ.ജെ.പ്രഭാഷ് ചെയർമാനായും ആർ.എസ്.ബാബു, കെ.പി.ജയദീപ്, ഡോ.പി.കെ.രാജശേഖരൻ, ഡോ.ജെ.ദേവിക എന്നിവർ അംഗങ്ങളായും നിയമസഭാ സെക്രട്ടറി മെമ്പർ സെക്രട്ടറിയുമായുള്ള ജൂറിയാണ് അവാർഡുകൾ നിർണ്ണയിച്ചത്.

# ഹരിത നിയമസഭാ സമുച്ചയം കരനെൽകൃഷിയിൽ ഒരു മാതൃക



നിയമസഭാങ്കണത്തിലെ കരനെൽകൃഷിയുടെ വിളവെടുപ്പ് സ്പീക്കർ, നിയമസഭാ സെക്രട്ടറി എന്നിവരുടെ നേതൃത്വത്തിൽ 2018 സെപ്റ്റംബർ 5-ാം തീയതി രാവിലെ 8 മണിക്ക് നടന്നു. പ്രളയത്തിലേക്ക് നയിച്ച അതിവർഷത്തെ അതിജീവിച്ച് ഏകദേശം 30 ചതുരശ്ര മീറ്റർ ഭൂമിയിൽ നിന്ന് അഞ്ചുകിലോ നെല്ല് വിളവെടുത്തു. നിയമസഭാ ജീവനക്കാരുടെ പരിസ്ഥിതി-കാർഷിക കൂട്ടായ്മയായ ഹരിതക്ലബിന്റേയും പൂന്തോട്ട പരിപാലകരുടേയും സഹായത്തോടെയാണ് നെൽകൃഷി നടത്തിയത്.

നിയമസഭാ വളപ്പിനുള്ളിൽ നെൽകൃഷിക്കായി നിലം ഒരുക്കിയെടുക്കുക എന്നത് ഒരു വെല്ലുവിളി തന്നെയായിരുന്നു എന്ന് കൃഷി ഓഫീസർ പറഞ്ഞു. സ്പീക്കറുടെ ഔദ്യോഗിക വസതിക്ക് മുന്നിലെ പൂന്തോട്ടത്തിൽ താരതമ്യേന താഴ്ന്ന പ്രദേശം തെരഞ്ഞെടുത്ത്, മണ്ണിലെ കല്ലുകളും കളകളും നീക്കി, ചുറ്റുമുള്ള പൂന്തോട്ടത്തിന് ദോഷം വരാതെ ശ്രദ്ധിച്ചാണ് നെല്പാടം തയ്യാറാക്കിയത്. വെള്ളം കയറുന്നതിനും ഇറങ്ങുന്നതിനും തൂമ്പ് തയ്യാറാക്കി അടിവളമായി ചാണകം, ബയോ കമ്പോസ്റ്റ്, ചാരം, എല്ലുപൊടി, കുമ്മായം, വേപ്പിൻ പിണ്ണാക്ക് എന്നിവ നൽകി. 'പാലക്കാടൻ മട്ട' എന്ന നാടൻ ഇനം കൃഷിക്കായി തെരഞ്ഞെടുത്തു. പൊന്നോണത്തിന് വിളവെടുക്കാമെന്ന ആലോചനയോടെയാണ് ഞാറുനടീൽ മെയ്മാസത്തിലാക്കിയത്.

നിയമസഭ സന്ദർശിക്കുന്ന കുട്ടികളടക്കമുള്ള നിരവധി ആളുകൾക്കും പൊതുസമൂഹത്തിനും നിയമസഭയിലെ നെൽകൃഷി മാതൃകയാകുമെന്ന് കരുതുന്നതായി സ്പീക്കർ അഭിപ്രായപ്പെട്ടു.

“ഇരുന്നുണ്ടവന് രുചി അറിയില്ല; കിളച്ചുണ്ടവനേ രുചി അറിയൂ”.





# സമിതി റിപ്പോർട്ടുകൾ ഇനി കോടതി കയറും

പാർലമെന്ററി സ്റ്റാൻഡിംഗ് കമ്മിറ്റി റിപ്പോർട്ടുകൾ കോടതികൾക്ക് തെളിവായി സ്വീകരിക്കാവുന്നതും തെളിവു നിയമത്തിന്റെ 57(4)-ാം വകുപ്പു പ്രകാരം പാർലമെന്ററി റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ കോടതികൾക്ക് ഇടപെടാനാകുന്നതുമാണ് എന്ന് സുപ്രീം കോടതി. എന്നാൽ പാർലമെന്ററി റിപ്പോർട്ട് തെളിവായി സ്വീകരിക്കുന്നതു കൊണ്ടുമാത്രം അതിൽ പറയുന്ന കാര്യങ്ങളെല്ലാം ശരിവച്ചുവെന്ന് അർത്ഥമാക്കുന്നില്ല. നിയമവ്യവസ്ഥയുടെ വ്യാഖ്യാനത്തിലും ചരിത്രവസ്തുത ഉറപ്പിക്കുന്നതിനും കോടതികൾക്ക് പാർലമെന്ററി റിപ്പോർട്ടുകളെ ആശ്രയിക്കാവുന്നതാണ്. പാർലമെന്ററി കമ്മിറ്റി റിപ്പോർട്ടുകളുടെ സാധുത കോടതിയിൽ ചോദ്യം ചെയ്യാനാകില്ല എന്നും ചീഫ് ജസ്റ്റിസ് ദീപക് മിശ്ര അദ്ധ്യക്ഷനായ അഞ്ചംഗ ഭരണഘടനാ ബെഞ്ചിന്റെ 9.5.2018-ലെ ഉത്തരവിലാണ് വ്യക്തമാക്കിയിട്ടുള്ളത്.

സെർവിക്കൽ ക്യാൻസർ വാക്സിനുകളുടെ ലൈസൻസ് റദ്ദാക്കണമെന്ന പൊതുതാൽപര്യ ഹർജി പരിഗണിക്കവേ ആണ് സുപ്രീം കോടതിയുടെ രണ്ടംഗ ബെഞ്ച് പാർലമെന്ററി കമ്മിറ്റി റിപ്പോർട്ടുകളുടെ നിയമസാധുത ചോദ്യം ചെയ്തത്. ഇത്തരം രേഖകളെ ആശ്രയിക്കാനാവില്ലെന്ന് കേന്ദ്രസർക്കാരും വാക്സിൻ നിർമ്മാണ കമ്പനികളും നിലപാടെടുത്തതോടെ തീർപ്പുണ്ടാക്കാൻ ഭരണഘടനാ ബെഞ്ച് രൂപീകരിച്ചു. പാർലമെന്ററി രേഖകളെ കോടതികൾ ആശ്രയിക്കുന്നതിന്റെ നിയമസാധുത മൂന്ന് വ്യത്യസ്ത ഉത്തരവുകളിലൂടെയാണ് ഭരണഘടനാ ബെഞ്ച് ശരിവച്ചത്. ചീഫ് ജസ്റ്റിസ് ദീപക് മിശ്രയുടേയും ജസ്റ്റിസ് എ.എൻ. ഖൻവിൽക്കറിന്റേതുമായി ഒരു ഉത്തരവും ജസ്റ്റിസുമാരായ ഡി.വൈ.ചന്ദ്രചൂഡിന്റേയും എ.കെ. സിക്രിയുടേതുമായി മറ്റൊരു ഉത്തരവും ജസ്റ്റിസ് അശോക് ഭൂഷന്റേതുമായി മൂന്നാമതൊരു ഉത്തരവുമാണ് പുറപ്പെടുവിച്ചത്. പാർലമെന്ററി രേഖകളെ കോടതികൾക്ക് ആശ്രയിക്കാമെന്ന കാര്യത്തിൽ മൂന്ന് ഉത്തരവുകളും യോജിച്ചു. സെർവിക്കൽ ക്യാൻസറിനുള്ള ഹ്യൂമൻ പാപ്പിലോമ വൈറസ് (എച്ച്.പി.വി.) ആന്ധ്രയിലേയും ഗുജറാത്തിലേയും ആദിവാസി സ്ത്രീകളിൽ ഉപയോഗിച്ചതിനെതിരായി കൽപന മെഹ്തായും സമ റിസോഴ്സ് ഗ്രൂപ്പ് ഫോർ വുമൺ ആൻഡ് ഹെൽത്ത് എന്ന സംഘടനയുമാണ് സുപ്രീം കോടതിയെ സമീപിച്ചത്. ഈ വാക്സിൻ അപകടകരമാണെന്ന് 2014-ൽ പാർലമെന്റിന്റെ ആരോഗ്യ സ്റ്റാൻഡിങ് കമ്മിറ്റി റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയിരുന്നു. സ്ത്രീകളിലും പെൺകുട്ടികളിലും ഇത് ഉപയോഗിക്കുന്നത് മെഡിക്കൽ എത്തിക്സിന് വിരുദ്ധമാണെന്നും ചൂണ്ടിക്കാട്ടിയിരുന്നു. ഹർജിക്കാർ ഈ റിപ്പോർട്ട് അനുബന്ധരേഖയായി കോടതിയിൽ സമർപ്പിച്ചതിനെ മരുന്നു കമ്പനികളും കേന്ദ്ര സർക്കാരും എതിർത്തു. റിപ്പോർട്ട് കോടതി പരിഗണിക്കുന്നത് പാർലമെന്റിനുള്ള പ്രത്യേക അവകാശങ്ങളുടെ ലംഘനമാകുമെന്നായിരുന്നു വാദം.

ഒരു നിയമത്തിന്റെ ഉദ്ദേശ്യം വ്യാഖ്യാനിക്കുന്നതിന് നിയമത്തിന്റെ ഭാഗമല്ലാത്ത വിവരങ്ങളും കോടതികൾക്ക് ആധാരമാക്കാം എന്ന് സുപ്രീംകോടതിയുടെ നിരീക്ഷണം മുൻപും ഉണ്ടായിട്ടുണ്ട്. ഒരു നിയമനിർമ്മാണത്തിനു കാരണമായ കാര്യങ്ങളുടെ ചരിത്രം, നിയമനിർമ്മാണ പ്രക്രിയയിലെ വിവിധ ഘട്ടങ്ങൾ, കമ്മിറ്റി റിപ്പോർട്ടുകൾ, സഭാചർച്ചകൾ, നയപരമായ പ്രസ്താവനകൾ, ഔദ്യോഗിക വക്താക്കളുടെ വാക്കുകൾ എന്നിവയെല്ലാം നിയമങ്ങൾ വ്യാഖ്യാനിക്കുന്നതിന് കോടതികൾക്ക് ആധാരമാക്കാമെന്ന സുപ്രീം കോടതിയുടെ സുപ്രധാന വിധി 1986-ലെ ബി. പ്രഭാകർറാവു V സ്റ്റേറ്റ് ഓഫ് എ.പി. എന്ന കേസിലേതാണ്.

# നിയമസഭാംഗങ്ങൾക്ക് പെൻഷന്




# സഭാനാഥന്റെ സ്വതന്ത്രാധികാരം കവർന്നെടുക്കുന്നതിന് നിയന്ത്രണം



എക്സിക്യൂട്ടീവിൽ നിന്നും വിഭിന്നമായി സ്പീക്കറുടെ സമ്പൂർണ്ണ നിയന്ത്രണത്തിലുള്ളതും ഏറെക്കുറെ സ്വതന്ത്രമായതുമായ ഒരു ഭരണക്രമമാണ് നിയമസഭാ സെക്രട്ടേറിയറ്റിനായി ഭരണഘടന വിഭാവനം ചെയ്തിട്ടുള്ളത്. സമ്പൂർണ്ണമായും സ്പീക്കറുടെ അധികാര പരിധിയിൽ വരുന്ന വിഷയങ്ങളിലും നിയമസഭയിൽനിന്നും തുടർനടപടികൾക്കായി അയയ്ക്കുന്ന ഫയലുകളിലും ധനകാര്യവകുപ്പിലെ ഉദ്യോഗസ്ഥർ അനാവശ്യപരാമർശങ്ങൾ നടത്തുന്ന പ്രവണത അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കണമെന്നും ഇക്കാര്യത്തിൽ കൂടുതൽ ജാഗ്രതയുണ്ടാകണമെന്നും സ്പീക്കറുടെ റൂളിംഗ്. സ്പീക്കറുടെയും നിയമസഭാ സെക്രട്ടേറിയറ്റിന്റെയും സ്വതന്ത്രാധികാരം ധനകാര്യ വകുപ്പ് കവർന്നെടുക്കുന്നു എന്ന ക്രമപ്രശ്നം 2018 ജൂൺ 20ന് വി.ഡി. സതീശൻ സഭയിൽ ഉന്നയിച്ചു. ധനകാര്യ വകുപ്പുമന്ത്രി നൽകിയ വിശദീകരണവും നിയമസഭാ സെക്രട്ടേറിയറ്റിലെ ഫയൽ രേഖകളും മറ്റ് അടിസ്ഥാന പ്രമാണങ്ങളും പരിശോധിച്ചതിനു ശേഷം 2018 ജൂൺ 25നാണ് സ്പീക്കർ റൂളിംഗ് നൽകിയത്.

പാർലമെന്റിനും മറ്റ് സംസ്ഥാന നിയമസഭകൾക്കും മാതൃകയാകുന്ന തരത്തിൽ ഒട്ടേറെ വിപ്ലവകരമായ മാറ്റങ്ങൾക്ക് വേദിയായിട്ടുള്ള കേരള നിയമസഭയ്ക്ക് അത്തരം നേട്ടങ്ങൾ സ്വായത്തമാക്കുവാൻ കഴിഞ്ഞത് മാറിമാറി വരുന്ന സർക്കാരുകൾ അതതു സമയം സഹിഷ്ണുതയോടെയും സൗഹാർദ്ദപൂർവ്വവും പുലർത്തിയ സഹകരണ മനോഭാവവും തുറന്ന മനസ്സോടെ നൽകിയ പ്രവർത്തന സ്വാതന്ത്ര്യവും കൊണ്ടുമാത്രമാണ് . ഭരണഘടനാതത്വങ്ങൾക്കനുസൃതമായും പ്രത്യയശാസ്ത്രങ്ങൾക്കതീതവുമായുള്ള സഹവർത്തിത്വം തകർക്കുന്ന തരത്തിൽ ഉയർന്നുവരുന്ന ദുഷ്പ്രവണതകൾ അവസാനിപ്പിക്കുവാൻ ജാഗ്രതയേറിയ നടപടി ഉണ്ടാകണമെന്ന് ചെയർ ബന്ധപ്പെട്ടവരെ ഓർമ്മപ്പെടുത്തി.

അറിവോരം
കേരള നിയമസഭയുടെ ഔദ്യോഗിക ന്യൂസ് ലെറ്റർ

# അർഹതയുണ്ടോ?

ഭരണഘടന പ്രകാരം പാർലമെന്റ് അംഗങ്ങൾ, നിയമസഭാ സാമാജികർ എന്നിവർക്ക് പെൻഷൻ പ്രകടമായി വ്യവസ്ഥ ചെയ്തിട്ടില്ല എന്നത് പെൻഷനുള്ള അർഹത ഇല്ലാതാക്കുന്നില്ല. ചില ഭരണഘടനാപദവികൾ വഹിക്കുന്നവർക്ക് പെൻഷൻ ഭരണഘടന പ്രകാരം പ്രകടമായി വ്യവസ്ഥ ചെയ്തിട്ടുണ്ട് എന്നതുകൊണ്ട് അപ്രകാരം വ്യവസ്ഥ ചെയ്തിട്ടില്ലാത്ത പദവികൾക്ക് പെൻഷന് അർഹത ഇല്ലായെന്ന് അർത്ഥമാക്കുന്നില്ലെന്നും സുപ്രീം കോടതി.

സാമാജികരുടെ ശമ്പളം,അലവൻസുകൾ, ആനുകൂല്യങ്ങൾ എന്നിവയുടെ കാര്യത്തിലെ നിരക്കും നയവും നിയമസഭകൾ തന്നെയാണ് തീരുമാനിക്കേണ്ടതെന്നും വിധിയിൽ പറയുന്നു. കേന്ദ്രത്തിനെതിരെ ലോക്പ്രഹരി നൽകിയ 2018-ലെ 3798 സിവിൽ നമ്പർ അപ്പീൽ പരിശോധിച്ച് പുറപ്പെടുവിച്ച വിധിയിലാണ് ജസ്റ്റിസ് ജെ.ചെലമേശ്വർ ഇക്കാര്യം ചൂണ്ടിക്കാണിച്ചത്.

കേരള നിയമസഭയിൽ അംഗമായോ, അഥവാ 1956 നവംബർ 1-നു ശേഷം കേരള സംസ്ഥാനത്തിന്റെ ഭാഗമായ കേരള നിയമസഭയിലോ തിരുവിതാംകൂർ, തിരു-കൊച്ചി, മദ്രാസ് എന്നീ സംസ്ഥാനങ്ങളിലെ നിയമനിർമ്മാണ സഭകളിലെ അംഗമോ, പഴയ കൊച്ചി സംസ്ഥാനത്തെ ലെജിസ്ലേറ്റീവ് കൗൺസിലിലോ അസംബ്ലിയിലോ അംഗമായോ പഴയ മദ്രാസ് ലെജിസ്ലേറ്റീവ് കൗൺസിൽ അംഗമായിക്കെ 1956-ലെ സ്റ്റേറ്റ് റീ-ഓർഗനൈസേഷൻ ആക്ടിൽ സൂചിപ്പിച്ചിരിക്കുന്ന മലബാർ ജില്ലയിൽ സ്ഥിരതാമസമായിരുന്നതോ ആയ ഒരു വ്യക്തി മേൽപ്പറഞ്ഞ ഏതെങ്കിലും സഭയിലോ കൗൺസിലുകളിലോ പ്രവർത്തിച്ചതിന് 1976ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ ആക്ട് പ്രകാരം നിയമനിർമ്മാണം നടത്തുകയും അതിനനുസരിച്ച് പെൻഷൻ നൽകി വരികയും ചെയ്യുന്നു.

# ചട്ടങ്ങൾ പുറപ്പെടുവിക്കുന്നതിലെ കാലതാമസം

സഭ പാസാക്കുന്ന നിയമങ്ങൾ അനുസരിച്ചുള്ള ചട്ടങ്ങൾ പുറപ്പെടുവിക്കുന്ന കാര്യത്തിൽ കാലതാമസം ഉണ്ടാകാൻ പാടില്ല. ഇക്കാര്യത്തിൽ സർക്കാരിന്റെ വീഴ്ച സംബന്ധിച്ച് നിരവധി തവണ ക്രമപ്രശ്നങ്ങൾ സഭയിൽ ഉയർന്നു വന്നിട്ടുണ്ട്. കർശനമായ റൂളിംഗ് ഇക്കാര്യത്തിൽ സഭാദ്ധ്യക്ഷൻമാർ നൽകിയിട്ടുമുണ്ട്.

2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്ട്, 2016-ലെ കേന്ദ്ര റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ആക്ട് എന്നിവ പ്രകാരം പുറപ്പെടുവിക്കേണ്ട ചട്ടങ്ങൾ യഥാസമയം പുറപ്പെടുവിക്കാത്തകാര്യം ക്രമപ്രശ്നത്തിലൂടെ 2018 മാർച്ച് 13ന് വി.ഡി. സതീശൻ സഭയിൽ ഉന്നയിച്ചു.

നിയമം പാസാക്കി 90 ദിവസത്തിനകം അതനുസരിച്ചുള്ള കരടുചട്ടങ്ങൾ തയ്യാറാക്കി മുൻകൂർ പരിശോധനയ്ക്കായി ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന് നിയമസഭാ ചട്ടങ്ങളിൽ വ്യക്തമായി വ്യവസ്ഥ ചെയ്യുന്നുണ്ട്. അവ പാലിക്കപ്പെടാതെ പോകുന്നതിന്റെ കാരണം ബന്ധപ്പെട്ടവർ ഗൗരവമായി പരിശോധിക്കണമെന്ന് സ്പീക്കർ റൂളിംഗ് നൽകി.

എല്ലാ മന്ത്രിമാരും ഇക്കാര്യം പ്രത്യേകം പ്രത്യേകമായി പരിശോധിക്കണം. അതിനുവേണ്ടി നിയമവകുപ്പ് ഉൾപ്പെടെ എല്ലാ വകുപ്പുകളിലും പ്രത്യേകം നിരീക്ഷണ സംവിധാനം ഏർപ്പെടുത്തേണ്ടതാണ്. വീഴ്ചകൾ കണ്ടെത്തുന്നപക്ഷം ഉത്തരവാദികൾക്കെതിരെ കർശന അച്ചടക്ക നടപടികൾ സ്വീകരിക്കേണ്ടതാണ്.

നിയമസഭയോ പാർലമെന്റോ പാസാക്കുന്ന നിയമങ്ങൾക്കനുസൃതമായി നിർമ്മിക്കേണ്ട ചട്ടങ്ങൾ യഥാസമയം പുറപ്പെടുവിക്കുന്നതിൽ അക്ഷന്തവ്യമായ കാലതാമസമുണ്ടാകുന്നത് ഖേദകരമാണ്. അതിന്റെ പേരിൽ ക്രമപ്രശ്നങ്ങൾ സഭയിൽ ഉയർന്നുവരുന്നതും പ്രത്യേകം റൂളിംഗ് നൽകേണ്ടിവരുന്നതും ആശാസ്യമായ കാര്യമല്ല.

(13-3-2018-ലെ റൂളിംഗ്)



# നടുത്തളം

1. തിരുവിതാംകൂർ ലെജിസ്ലേറ്റീവ് കൗൺസിലിലെ സാമാജികർക്ക് ചോദ്യം ചോദിക്കുന്നതിനുള്ള അവസരം ആദ്യമായി ലഭിച്ചത് എന്നാണ്?

**1920 ഏപ്രിൽ 7**

2. തിരുവിതാംകൂർ ലെജിസ്ലേറ്റീവ് കൗൺസിലിൽ ആദ്യമായി ഉപചോദ്യം ഉന്നയിച്ചത് എന്നാണ്?

**1922 ജൂലൈ 25**

3. കേരള നിയമസഭയിൽ ഒരു നിയമസഭാ യോഗത്തിലെ ആദ്യ ഇനം?

**ചോദ്യോത്തരവേള**

4. ചോദ്യോത്തരവേളയുടെ ദൈർഘ്യം?

**ഒരു മണിക്കൂർ (09.00 എ.എം.-10.00 എ.എം.)**

5. ഒരു നിയമസഭാ സാമാജികന് ഒരു ദിവസം ചോദിക്കാവുന്ന ചോദ്യങ്ങളുടെ എണ്ണം?

**7 (നക്ഷത്രചിഹ്നമിട്ട 3, നക്ഷത്രചിഹ്നമിടാത്ത 4 ചോദ്യങ്ങൾ)**

6. ചോദ്യോത്തരവേളയിൽ ഒരു ദിവസം ഉന്നയിക്കാവുന്ന നക്ഷത്രചിഹ്നമിട്ട പരമാവധി ചോദ്യങ്ങൾ?

**30**

7. കേരള നിയമസഭയിൽ ആദ്യമായി ചോദ്യം ഉന്നയിച്ച സാമാജികൻ?

**വി.ശ്രീധരൻ (30.04.1957)**

8. ഇന്ത്യൻ സുപ്രീം കോടതിയുടെ ചരിത്രത്തിൽ ഏറ്റവും കൂടുതൽ ജഡ്ജിമാരടങ്ങിയ ബെഞ്ച് പരിഗണിച്ച കേസ് ഏതാണ്?

**കേശവാനന്ദ ഭാരതി കേസ് (13 ജഡ്ജിമാർ)**

# സാമാജികരുടെ വിദേശയാത്ര

നിയമസഭാംഗം എന്ന നിലയിലുള്ള വിദേശ യാത്രകൾക്കും വിദേശ സർക്കാറുകളുടേയോ വിദേശത്തു പ്രവർത്തിക്കുന്ന സംഘടനകളുടേയോ ആതിഥ്യം സ്വീകരിക്കുമ്പോഴും സ്വന്തംനിലയിൽ കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിന്റെ മുൻകൂർ അനുമതി (political clearance) നേടണമെന്ന നിബന്ധന എല്ലാ നിയമസഭാ സാമാജികരും പാലിക്കേണ്ടതാണ്. നിയമസഭാംഗമെന്ന നിലയിലുള്ള വിദേശയാത്രകൾക്ക് കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിന്റെ മുൻകൂർ അനുമതി ആവശ്യമാണെന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും ചില നിയമസഭാ സാമാജികർ വീഴ്ച വരുത്തിയതായി കേന്ദ്ര വിദേശകാര്യ മന്ത്രാലയം അറിയിച്ചതിനെത്തുടർന്നാണ് സ്പീക്കർ ഈ നിർദ്ദേശം പുറപ്പെടുവിച്ചത്.

(18.09.2018-ലെ ബുള്ളറ്റിൻ ഭാഗം 2,നം.532)






അക്ഷരധ്വനി

# 'ഞാനെന്തുകൊണ്ട് മഹാത്മജിയെ വധിച്ചു'



വി.കെ. ബാബുപ്രകാശ്
സെക്രട്ടറി, കേരള നിയമസഭ


1977-ൽ നാഥുറാം ഗോഡ്സെയുടെ സഹോദരൻ ഗോപാൽ ഗോഡ്സെ ആദ്യമായി 'may it PLEASE YOUR HONOUR' എന്ന പേരിൽ ഗോഡ്സെയുടെ വാദങ്ങളും ന്യായീകരണങ്ങളും പുസ്തകമായി പ്രസിദ്ധീകരിച്ചിരുന്നു. 1993-ൽ 'Why I Assassinated Mahatma Gandhi' എന്ന പേരിൽ ഒരു പുസ്തകവും ഗോപാൽ ഗോഡ്സെ പ്രസിദ്ധീകരിച്ചിരുന്നു. 2018-ൽ കോൺറാഡ് എൽസ്റ്റ് പുതിയ ഒരു വീക്ഷണകോണിൽ നിന്നുകൊണ്ട് ഗോഡ്സെയുടെ വാദങ്ങളെ സമീപിക്കുന്ന ഗ്രന്ഥമാണ് 'Why I Killed the Mahatma'. ബെൽജിയം എഴുത്തുകാരനും, പണ്ഡിതനും വർഷങ്ങളായി ഇന്ത്യൻ തത്വശാസ്ത്രത്തിലും, ഇൻഡോളജിയിലും ഗവേഷണം നടത്തുന്നയാളുമാണ് ഡോ. കോൺറാഡ് എൽസ്റ്റ്.




2018-ൽ രൂപ പബ്ലിക്കേഷൻസ് പ്രസിദ്ധീകരിച്ച അത്ര വലുതല്ലാത്ത ഈ പുസ്തകത്തിന്റെ ഉള്ളടക്കം നാഥുറാം വിനായക ഗോഡ്സെ വിചാരണ കോടതിയിൽ നിരത്തിയ ന്യായവാദങ്ങളാണ്. ഗ്രന്ഥകാരൻ തന്റേതായ രീതിയിൽ ഈ വാദങ്ങളെ പുസ്തകത്തിൽ ഉടനീളം ഖണ്ഡിക്കുന്നുമുണ്ട്. എന്നാൽ ഗ്രന്ഥകാരൻ എത്രത്തോളം യുക്തിയോടെ ഗോഡ്സെയുടെ വാദങ്ങൾ ഖണ്ഡിക്കാൻ ശ്രമിക്കുന്നുവോ അതിലേറെ വായനക്കാരന്റെ ശ്രദ്ധ പതിയുന്നത് ഗോഡ്സെയുടെ വാദങ്ങളിലാണ്. ആർ.എസ്.എസിന്റെ ഹിന്ദു അജണ്ടയുടെ ഭാഗമായി ഗ്രന്ഥകാരൻ ഈ പുസ്തകം രചിച്ചതാണോ എന്നു പോലും സംശയം തോന്നും. കാരണം ഗോഡ്സെയെ മഹത്വവൽക്കരിക്കുവാൻ

> "'Why I Killed the Mahatma' എന്ന ഈ ഇംഗ്ലീഷ് പുസ്തകം പുതിയ തലമുറ വായിച്ചിരിക്കേണ്ടതാണ്. വളരെ ലളിതമായും എന്നാൽ ഗൗരവത്തോടുകൂടിയുമാണ് പുസ്തകത്തിന്റെ ഉള്ളടക്കത്തെ ഗ്രന്ഥകാരനായ ബെൽജിയം പൗരൻ കോൺറാഡ് എൽസ്റ്റ് സമീപിച്ചിട്ടുള്ളത്.





കോൺറാഡ് എൽസ്റ്റ്

> “ഹിന്ദുക്കളെ കൂട്ടത്തോടെ ലാഹോറിൽ കശാപ്പ് ചെയ്തപ്പോൾ ഗാന്ധിജിയെ സമീപിച്ച നേതാക്കളോട് “എല്ലാ ഹിന്ദുക്കളും മരിക്കാൻ തയ്യാറാകണം. മറിച്ച് ഒരു മുസ്ലീമിനേയും കൊല്ലരുത്. ഹിന്ദുമതം അഹിംസാത്മകമാണ്. അടിസ്ഥാനപരമായി ഹിന്ദുക്കൾ ദുർബലരും ഭീരുക്കളുമാണ്. മുസ്ലീങ്ങൾ ആക്രമണകാരികളും ശക്തരുമാണ്. അതിനാൽ അവരെ എതിർത്തിട്ട് കാര്യമില്ല.”

ശ്രദ്ധിച്ചുകൊണ്ടിരിക്കുന്ന ഒരു സാമൂഹ്യ രാഷ്ട്രീയ കാലഘട്ടത്തിലാണ് ഈ ഗ്രന്ഥം എഴുതിയിട്ടുള്ളത്. പുസ്തകത്തിൽ ഗോഡ്സെയുടെ ന്യായവാദങ്ങൾ നിരത്തിയിട്ടുള്ളത് വായനക്കാരന്റെ ഹൃദയത്തിൽ പ്രതിഫലിപ്പിക്കുന്നതുപോലെയാണ്. ഗോഡ്സെ തികഞ്ഞ ദേശീയവാദിയും ദേശസ്നേഹിയുമായിരുന്നുവെന്നും, മറിച്ച് മഹാത്മാഗാന്ധിക്ക് പലപ്പോഴും തെറ്റുകൾ പറ്റിയിരുന്നുവെന്നും തോന്നിപ്പിക്കുന്ന വിധമാണ് ഗ്രന്ഥത്തിന്റെ ഉള്ളടക്കവും രചനയുടെ കൗശലവും വിവരണവും.

1948 ജനുവരി 30–ാം തീയതി വൈകിട്ട് ഏകദേശം 5.00 മണിക്കും 5.30 നും ഇടയ്ക്കാണ് ഡെൽഹി ബിർളാ ഹൗസിൽ ഏകദേശം നാനൂറോളം അനുയായികൾക്കിടയിൽ പ്രാർത്ഥനാ വേളയിൽ നാഥുറാം വിനായക് ഗോഡ്സെ എന്ന മഹാരാഷ്ട്രാ ബ്രാഹ്മണൻ തന്റെ കൈത്തോക്കിൽ നിന്നുതിർത്ത മൂന്നു വെടിയുണ്ടകളേറ്റ് ഗാന്ധിജി ‘ഹേ റാം’ എന്നുച്ചരിച്ച് മരിച്ചുവീണത്. ഗാന്ധിജി മരിക്കുന്നത്, ഇന്ത്യ സ്വാതന്ത്ര്യം നേടി അൽപ്പം കഴിഞ്ഞും, ഇന്ത്യയുടെ നാലിലൊന്ന് ഭൂവിഭാഗം വിഭജനത്തിലൂടെ പാക്കിസ്ഥാന് നൽകിക്കഴിഞ്ഞ ശേഷവുമായിരുന്നു. ഗാന്ധിവധത്തിന് പിന്നിലെ ഉദ്ദേശ്യം എന്തായിരുന്നുവെന്ന് ഇപ്പോഴും ചരിത്രരേഖകളിൽ വ്യക്തമല്ല. ഇന്നേവരെ ഒരു പുസ്തകമോ, പ്രസിദ്ധീകരണമോ അതേപ്പറ്റി ആധികാരികമായി വിശകലനം ചെയ്തിട്ടുമില്ല. ഗോഡ്സെ വിചാരണക്കോടതിയിൽ കേസ് സ്വയം വാദിക്കുകയാണ് ചെയ്തത്. വിചാരണ വേളയിൽ ഗാന്ധിജിയെ വെടിവച്ചു കൊന്നതായി സമ്മതിച്ച ഗോഡ്സെ, അതിന് പ്രേരിപ്പിച്ച ഘടകങ്ങളെ ന്യായീകരിക്കാൻ ശ്രമിച്ചിട്ടുണ്ട്. വളരെ പ്രഗത്ഭമായിട്ടാണ് ഗോഡ്സെ തന്റെ വാദങ്ങൾ ഓരോന്നായി നിരത്തുന്നത്.

ഗോഡ്സെയുടെ വാദങ്ങൾ പുസ്തകമായി പ്രസിദ്ധീകരിക്കുന്നത് വിചാരണക്കോടതി തടഞ്ഞിരുന്നു. ഗോഡ്സെയുടെ കൂട്ടുപ്രതികളായിരുന്ന നാരായണൻ ദത്താത്രയ ആപ്തെ, ഗോപാൽ ഗോഡ്സെ, വിഷ്ണു കർക്കരെ, ശങ്കർ കിസ്തയ്യ, ഡോ. സദാശിവ പാച്ചുരെ, ഹിന്ദു മഹാസഭയുടെ സ്ഥാപക നേതാവും പണ്ഡിതനുമായിരുന്ന വിനായക് ദാമോദർ സവർക്കർ എന്നിവരിൽ നാഥുറാം ഗോഡ്സെയേയും നാരായൺ ആപ്തയേയും കോടതി കുറ്റക്കാരായി കാണുകയും, മറ്റുള്ളവരെ വെറുതെ വിടുകയും ചെയ്തു. 1949 നവംബർ 15–ാം തീയതി ഗോഡ്സെയേയും ആപ്തയേയും തൂക്കിക്കൊല്ലുകയും ചെയ്തു.

പ്രധാനമായും ഗോഡ്സെയുടെ വാദത്തിന്റെ അന്തസ്സത്ത രാഷ്ട്രീയമാണ് എന്നാണ് കോൺറാഡ് എൽസ്റ്റ് ഈ പുസ്തകത്തിൽ നിരീക്ഷിക്കുന്നത്. ഇന്ത്യയുടെ വിഭജനവും പാക്കിസ്ഥാൻ എന്ന ഇസ്ലാം രാഷ്ട്രത്തിന്റെ ജനനവും, ഇന്ത്യയുടെ ഭൂവിഭാഗത്തിന്റെ നാലിലൊന്ന് ഭാഗം നഷ്ടപ്പെട്ടതും അൻപത് കോടിയോളം രൂപ നഷ്ടപരിഹാരം ആവശ്യപ്പെട്ടുള്ള പാക്കിസ്ഥാന്റെ നിലപാടും അതിനോടൊക്കെ ഗാന്ധിജി പുലർത്തിയ നിലപാടും സമീപനവും മറ്റും ഗോഡ്സെ നിരത്തുന്നു. ഹിന്ദുക്കളെ കൂട്ടത്തോടെ ലാഹോറിൽ കശാപ്പ് ചെയ്തപ്പോൾ ഗാന്ധിജിയെ സമീപിച്ച നേതാക്കളോട് “എല്ലാ ഹിന്ദുക്കളും മരിക്കാൻ തയ്യാറാകണം. മറിച്ച് ഒരു മുസ്ലീമിനേയും കൊല്ലരുത്. ഹിന്ദുമതം അഹിംസാത്മകമാണ്. അടിസ്ഥാനപരമായി ഹിന്ദുക്കൾ ദുർബലരും ഭീരുക്കളുമാണ്. മുസ്ലീങ്ങൾ ആക്രമണകാരികളും ശക്തരുമാണ്. അതിനാൽ അവരെ എതിർത്തിട്ട് കാര്യമില്ല,” എന്നാഹ്വാനം ചെയ്തത് തന്നെ അഗാധമായി മുറിവേൽപ്പിച്ചു എന്നാണ് ഗോഡ്സെ വിചാരണക്കോടതിയിൽ ഊന്നിപ്പറഞ്ഞത്. അതോടൊപ്പം ഇന്ത്യയുടെ സ്വാതന്ത്ര്യ ലബ്ധിക്കുശേഷം പാക്കിസ്ഥാൻ രൂപീകരിച്ചപ്പോൾ ഹൈദരാബാദിലെ നൈസാം പാക്കിസ്ഥാനോടാണ് കൂറ് പ്രഖ്യാപിച്ചത്. നൈസാമിനെതിരെ ഹൈദരാബാദിൽ പൊട്ടിപ്പുറപ്പെട്ട കലാപത്തിൽ അനവധി ഹിന്ദുക്കൾ വധിക്കപ്പെട്ടു. കലാപം അടിച്ചമർത്തിയ നൈസാമിനെതിരെ ഗാന്ധിജി ഒന്നും ഉരിയാടിയില്ല എന്ന ആക്ഷേപവും ഗോഡ്സെ ഉന്നയിക്കുന്നുണ്ട്. തന്റെ വാദമുഖങ്ങൾ അവസാനിപ്പിച്ച് ശാന്തനായി ഗോഡ്സെ ഇപ്രകാരം കോടതിയിൽ പ്രഖ്യാപിച്ചു. “ശരിയാണ്, നാനൂറോളം ഗാന്ധി അനുയായികളുടെ നടുവിൽ വച്ചാണ് ഞാൻ കൈത്തോക്കുകൊണ്ട് ഗാന്ധിജിയെ പകൽ വെളിച്ചത്തിൽ വധിക്കുന്നത്. വധിച്ചശേഷം ഓടി രക്ഷപ്പെടാൻ ഞാൻ കരുതിയിരുന്നുമില്ല. സ്വയം വെടിവെച്ച് മരിക്കാനും ശ്രമിച്ചില്ല. കാരണം, എന്തുകൊണ്ട് ഞാൻ ഗാന്ധിജിയെ വധിച്ചു എന്നത് എനിക്ക് ലോകത്തോട് പറയണമായിരുന്നു. എന്റെ ന്യായവാദങ്ങൾ കോടതി സ്വീകരിക്കുകയോ, തള്ളുകയോ ചെയ്യുക. പക്ഷേ ഞാൻ ഉയർത്തുന്ന വാദങ്ങളിൽ എത്രമാത്രം ചരിത്രപരമായ കാതലുണ്ടെന്ന് വരുംതലമുറയെങ്കിലും വിശകലനം ചെയ്യട്ടെ. അഖണ്ഡ ഭാരതം നീണാൾ വാഴട്ടെ......, വന്ദേ മാതരം”

‘Why I Killed the Mahatma’ എന്ന ഈ ഇംഗ്ലീഷ് പുസ്തകം പുതിയ തലമുറ വായിച്ചിരിക്കേണ്ടതാണ്. വളരെ ലളിതമായും എന്നാൽ ഗൗരവത്തോടുകൂടിയുമാണ് പുസ്തകത്തിന്റെ ഉള്ളടക്കത്തെ ഗ്രന്ഥകാരനായ ബെൽജിയം പൗരൻ കോൺറാഡ് എൽസ്റ്റ് സമീപിച്ചിട്ടുള്ളത്. ഗാന്ധിജിയോടുള്ള ആരാധനയും എന്നാൽ വിമർശനവും പ്രകടമാക്കുന്ന തരത്തിലുള്ളതാണ് പുസ്തക രചന. വായന തുടങ്ങിയാൽ അവസാന താളുവരെ ജാഗ്രതയോടെ വായിക്കാൻ തോന്നുന്നവിധം ലളിതമായിട്ടാണ് പുസ്തകത്തിന്റെ രചനാശൈലി. മഹാത്മാഗാന്ധിയുടെ വധം പുതിയൊരു മാനവികതലത്തിൽ അദ്ദേഹത്തിന്റെ 150–ാം ജന്മവാർഷിക വേളയിൽ വായിക്കപ്പെടുന്നതിനും വിശകലനം ചെയ്യപ്പെടുന്നതിനും ചരിത്ര വിദ്യാർത്ഥികൾക്കും ഗാന്ധി അനുയായികൾക്കും വായനക്കാർക്കും ഏവർക്കും ഈ വിഷയത്തിൽ കൂടുതൽ വ്യക്തത നൽകുന്നതിനും പുസ്തകം ഉപോൽബലകമായേക്കും.

‘കേക്കിന്റെ രുചി അത് ഭക്ഷിച്ചാൽ മാത്രമേ അറിയൂ’ എന്ന സാമാന്യതത്വം പുസ്തകം വായിച്ചാൽ മാത്രമേ അതിന്റെ ഉള്ളടക്കത്തിന്റെ രുചി അറിയൂ എന്നതിനും ബാധകമാണ്.







# കേൾക്കുക കാടിനു തീ പിടിച്ചു കഴിഞ്ഞു

..........മഹാചാര്യനായ മാർപ്പാപ്പ ഈയിടെ പറയുകയുണ്ടായി.
“നാം മാലിന്യക്കൂമ്പാരമാക്കിക്കഴിഞ്ഞ ഭൂമി നിലവിളിച്ചുകൊണ്ട്
സർവ്വനാശത്തിലേക്ക് ഉരുളുകയാണ്.”
ഞാൻ ചോദിക്കട്ടെ, എത്രകോടി കൈകൾ വേണം അതിനെ പിടിച്ചു
നിർത്താൻ...?
ഈ ഭൂമിയിലെ സമസ്ത ജീവജാലങ്ങളും നിലവിളിക്കുന്നു,
പരിഭ്രമിക്കുന്നു, ആവശ്യപ്പെടുന്നു.
വായു വിശുദ്ധമായി സൂക്ഷിക്കുക.
ഭൂമിയെ കോൺക്രീറ്റ് വനമാക്കി മാറ്റാതിരിക്കുക.
മണ്ണും വെള്ളവും അന്നവും വിഷം കൊണ്ട് നിറയ്ക്കാതിരിക്കുക.
നിങ്ങളുടെ സർവ്വഭക്ഷകങ്ങളായ ആയുധശേഖരങ്ങളെ മുടിച്ചുകളയുക.
നിങ്ങളുടെ സുഖസമൃദ്ധിക്ക് പകരം ‘എളിമ’ എന്നൊരു വാക്ക് അവിടെ
പ്രതിഷ്ഠിക്കുക.
ആരു കേൾക്കും ഈ ജല്പനങ്ങൾ....?!

ബഹുമാനപ്പെട്ട നിയമസഭാ സാമാജികരേ, നാടു വാഴുന്നോരേ.......,
കാടിനു തീ പിടിച്ചു കഴിഞ്ഞു. അത് വീണ്ടും വീണ്ടും വിളിച്ചു പറഞ്ഞ്
ഈ കാട്ടുകിളി നിങ്ങളെ എന്നും ശല്യപ്പെടുത്തിക്കൊണ്ടിരിക്കുന്നു.
നിഷ്ഫലം എന്നറിഞ്ഞു കൊണ്ടു തന്നെ......

(പ്രസിദ്ധീകരിക്കാനിരിക്കുന്ന നിയമസഭാ വജ്രജൂബിലി സ്മരണികയിൽ നിന്ന്)

## കോഴിക്കോട് സർവ്വകലാശാല സെനറ്റ് അംഗങ്ങളായി എം.എൽ.എ.മാർ

കോഴിക്കോട് സർവ്വകലാശാല സെനറ്റ് അംഗങ്ങളായി ആറു നിയമസഭാ സാമാജികരെ തെരഞ്ഞെടുത്തു. പൊതുവിഭാഗത്തിനുവേണ്ടി അബ്ദുൽ ഹമീദ് പി., ഇ.കെ.വിജയൻ, വി.അബ്ദു റഹിമാൻ, എ.പ്രദീപ് കുമാർ എന്നിവരെയും പട്ടികജാതി വിഭാഗത്തിനുവേണ്ടി യു.ആർ.പ്രദീപിനെയും പട്ടികവർഗ്ഗ വിഭാഗത്തിനുവേണ്ടി ഐ.സി.ബാലകൃഷ്ണനേയുമാണ് തെരഞ്ഞെടുത്തത്.


അബ്ദുൽ ഹമീദ് പി.


ഇ.കെ.വിജയൻ


വി.അബ്ദു റഹിമാൻ



എ.പ്രദീപ് കുമാർ


യു.ആർ. പ്രദീപ്


ഐ.സി. ബാലകൃഷ്ണൻ



## പി. ബി. അബ്ദുൽ റസ്സാക്ക് എം. എൽ. എ. അന്തരിച്ചു



മഞ്ചേശ്വരം എം.എൽ.എ. പി.ബി. അബ്ദുൽ റസ്സാക്ക് (63 വയസ്സ്) ഒക്ടോബർ 20 ശനിയാഴ്ച അന്തരിച്ചു. 2016-ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗ് സ്ഥാനാർത്ഥിയായി നിയമസഭയിലെത്തി. പതിമൂന്നാം കേരള നിയമസഭയിലും അംഗമായിരുന്നു. മുസ്ലീം ലീഗ് ദേശീയ പ്രവർത്തക സമിതി അംഗമായി പ്രവർത്തിക്കുകയായിരുന്നു. പതിനാലാം കേരള നിയമസഭയിൽ അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതി, ഹൗസ് കമ്മിറ്റി, ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി എന്നിവയിൽ അംഗമായിരുന്നു.

## 'തിരുവനന്തപുരം പ്രഖ്യാപനം'

ഭാരതത്തിന്റെ പട്ടികജാതി പട്ടികവർഗ്ഗ അവകാശ സംരക്ഷണത്തിൽ ഒരു ചരിത്ര മുഹൂർത്തമായി 2018 ആഗസ്റ്റ് 7. ജനാധിപത്യത്തിന്റെ ഉത്സവത്തിന്റെ ഭാഗമായി നിയമസഭാസമുച്ചയത്തിൽ സംഘടിപ്പിച്ച ദേശീയസമ്മേളനത്തിലാണ് അവകാശ പ്രഖ്യാപനം നടന്നത്. അയിത്തോച്ചാടനത്തിനും അധഃസ്ഥിത വർഗ്ഗങ്ങൾക്കായുള്ള പുരോഗമന വിപ്ലവ പ്രസ്ഥാനങ്ങളിലും രാജ്യത്തിനും ലോകത്തിനും മാതൃകയായ മലയാളത്തിന്റെ മണ്ണ് മറ്റൊരു ചരിത്രപ്രഖ്യാപനത്തിന് സാക്ഷിയായി.

മിച്ചഭൂമി, റവന്യൂ ഭൂമി, ക്ഷേത്രങ്ങളുടെ കൈവശമുള്ള മിച്ചഭൂമി എന്നിവ പട്ടികജാതിക്കാർക്ക് വിതരണം ചെയ്യാൻ എല്ലാ സർക്കാരുകളും നിയമം കൊണ്ടുവരണമെന്ന് 'തിരുവനന്തപുരം പ്രഖ്യാപനം'ആവശ്യപ്പെട്ടു. ജനാധിപത്യത്തിന്റെ ഉത്സവത്തിന്റെ ഭാഗമായി നടത്തിയ പട്ടികജാതി പട്ടികവർഗ്ഗ ശാക്തീകരണം സംബന്ധിച്ച ദേശീയ സമ്മേളനമാണ് പ്രഖ്യാപനം നടത്തിയത്. പട്ടികജാതി പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമം കേന്ദ്രവും മറ്റു സംസ്ഥാനങ്ങളും കർശനമായി നടപ്പാക്കണമെന്ന് സെമിനാർ ആവശ്യപ്പെട്ടു.

പട്ടിക വിഭാഗങ്ങൾക്കുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് എല്ലാ സംസ്ഥാനങ്ങൾക്കും ഒരേ മാനദണ്ഡം പാടില്ല. സ്വാതന്ത്ര്യവും സമത്വവും സൗഹാർദ്ദവും ഊട്ടിയുറപ്പിക്കുന്നതിനായി ഹയർസെക്കണ്ടറി തലത്തിൽ പാഠ്യപദ്ധതി പരിഷ്കരിക്കണം. പൊതുമേഖലാസ്ഥാപനങ്ങൾ, സ്വകാര്യസ്ഥാപനങ്ങൾ തുടങ്ങിയവയിലെല്ലാം നിയമനങ്ങളിൽ സംവരണം ഉറപ്പാക്കുന്നതിന് കേന്ദ്രസർക്കാർ നിയമനിർമ്മാണം നടത്തേണ്ടതുണ്ട്. മിശ്രവിവാഹിതരുടെ കാര്യത്തിൽ ആദ്യ തലമുറയിലെ കുട്ടികൾക്കെങ്കിലും സംവരണം ഉറപ്പാക്കണമെന്നും സെമിനാർ ആവശ്യപ്പെട്ടു.

കേരള സർവ്വകലാശാല മുൻ പ്രോ വൈസ് ചാൻസലർ ഡോ.ജെ.പ്രഭാഷ് പ്രഖ്യാപനരേഖ അവതരിപ്പിച്ചു. നിയമസഭാ സ്പീക്കർ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ മന്ത്രിമാരായ എം.എം.മണി, കെ.രാജു, കടന്നപ്പള്ളി രാമചന്ദ്രൻ എന്നിവർ പങ്കെടുത്തു.

തിരുവനന്തപുരം പ്രഖ്യാപനത്തിലെ നിർദ്ദേശങ്ങൾ നിയമസഭാ സ്പീക്കർ മറ്റു സംസ്ഥാനങ്ങളിലെ സഭാദ്ധ്യക്ഷന്മാരെ അറിയിച്ചിട്ടുണ്ട്.




ഡോ.ജെ. പ്രഭാഷ് പ്രഖ്യാപനരേഖ അവതരിപ്പിക്കുന്നു



## സഭാസമ്മേളനം

പതിനാലാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനം 2018 ആഗസ്റ്റ് 30-ാം തീയതി വ്യാഴാഴ്ച ഏകദിന സമ്മേളനമായാണ് നടന്നത്. രാവിലെ 9.00 മണിക്ക് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ ആരംഭിച്ച സഭായോഗത്തിൽ മുൻ പ്രധാനമന്ത്രി അടൽ ബിഹാരി വാജ്പേയി, മുൻ ലോക്സഭാ സ്പീക്കർ സോമനാഥ് ചാറ്റർജി, തമിഴ്നാട് മുൻ മുഖ്യമന്ത്രിയും ഡി.എം.കെ. അദ്ധ്യക്ഷനുമായിരുന്ന എം. കരുണാനിധി, മുൻ കേരള തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ചെർക്കളം അബ്ദുള്ള, മുൻ നിയമസഭാംഗം ടി.കെ.ആറുമുഖൻ എന്നിവരുടെ നിര്യാണത്തേയും പ്രളയദുരിതത്തിൽ ജീവൻ നഷ്ടപ്പെട്ടവരെയും സംബന്ധിച്ച് സ്പീക്കർ സഭയിൽ റഫറൻസ് നടത്തി. പരേതരോടുള്ള ആദര സൂചകമായി സഭാംഗങ്ങൾ എഴുന്നേറ്റ് നിന്ന് മൗനം ആചരിച്ചു.

നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 130 അനുസരിച്ചുള്ള ഉപക്ഷേപം ചർച്ച ചെയ്യുന്നതിനു വേണ്ടിയായിരുന്നു സഭയുടെ അടിയന്തര ഏകദിന സമ്മേളനം ചേർന്നത്. പ്രകൃതിദുരന്തത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തിന്റെ പുനർ നിർമ്മാണത്തിനായി സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ച ആലോചനയായിരുന്നു സമ്മേളനം കൊണ്ട് ഉദ്ദേശിച്ചിരുന്നത്. ദുരന്തത്തെ നേരിടാനുള്ള പ്രവർത്തനങ്ങളിൽ ലോകം പൊതുവെയും മലയാളികൾ ആകെയും പ്രദർശിപ്പിച്ച അനിതരസാധാരണമായ സ്നേഹവായ്പിനും പിന്തുണയ്ക്കും സഭ നന്ദി രേഖപ്പെടുത്തുന്നതായി സ്പീക്കർ അറിയിച്ചു.

സംസ്ഥാനത്ത് പൊതുവിലുണ്ടായ കാലവർഷക്കെടുതിമൂലം ഉളവായിരിക്കുന്ന ഗുരുതരമായ സ്ഥിതിവിശേഷവും പുനർനിർമ്മാണ ത്തിനായി സ്വീകരിക്കേണ്ട നടപടികളും സഭ ചർച്ച ചെയ്യണം എന്ന ഉപക്ഷേപം മുഖ്യമന്ത്രി സഭയിൽ അവതരിപ്പിച്ചു. തുടർന്നു നടന്ന ചർച്ചയിൽ അംഗങ്ങൾ കക്ഷിഭേദമില്ലാതെ ഉപക്ഷേപത്തെ പിന്താങ്ങി സംസാരിച്ചു.

സമാനതകളില്ലാത്ത പ്രകൃതിദുരന്തത്തെ പ്രതിരോധിക്കുന്നതിനും ദുരിതാശ്വാസ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും സർക്കാർ സ്വീകരിച്ച നടപടികൾ മുഖ്യമന്ത്രി വിശദീകരിച്ചു. വിവിധ തലങ്ങളിൽ ചർച്ച ചെയ്തു വേണം പുനർനിർമ്മാണത്തിന് അന്തിമരൂപം നൽകേണ്ടതെന്ന സർക്കാർ തീരുമാനവും അദ്ദേഹം സഭയിൽ അറിയിച്ചു. ദുരന്തബാധിത പ്രദേശങ്ങളിൽ വിവിധ തലങ്ങളിലെ പുനർനിർമ്മാണം സംബന്ധിച്ചും ദുരന്തബാധിതർക്ക് നൽകുവാനുദ്ദേശിക്കുന്ന ധനസഹായത്തെപ്പറ്റിയും മുഖ്യമന്ത്രി വിശദീകരിച്ചു. കേരളത്തിന്റെ പുനഃസൃഷ്ടിക്ക് ഒന്നിച്ചു മുന്നോട്ടു നീങ്ങുവാൻ അദ്ദേഹം ആഹ്വാനം ചെയ്തു.

ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ കേരളത്തിലുടനീളം പെയ്ത കനത്തമഴയുടെ ഫലമായി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലുണ്ടായ പ്രകൃതി ദുരന്തം കേരളത്തിന്റെ സമസ്ത മേഖലകളിലും ഏൽപ്പിച്ച നാശനഷ്ടങ്ങളുടെയും തുടർന്ന് നടപ്പാക്കേണ്ട പുനരധിവാസ-പുനർനിർമ്മാണ പ്രവർത്തനങ്ങളുടെയും കൃത്യമായ കണക്കുകൾ തയ്യാറാക്കാൻ വേണ്ടി ഒരു പ്രത്യേക ഏജൻസിയെ ചുമതലപ്പെടുത്തണമെന്ന് മുഖ്യമന്ത്രി നിർദ്ദേശിച്ചു. ഒരു പുതിയ കേരളം സൃഷ്ടിക്കുക എന്ന വലിയ ലക്ഷ്യത്തിലേക്കു നീങ്ങുമ്പോൾ പുനർനിർമ്മാണത്തിനും പുനരധിവാസത്തിനും പര്യാപ്തമായ കേന്ദ്ര സഹായവും സഹകരണവും നൽകണമെന്നും അദ്ദേഹം അഭ്യർത്ഥിച്ചു. സഭാചട്ടം 275 പ്രകാരം മുഖ്യന്ത്രി അവതരിപ്പിച്ച സബ്സ്റ്റാന്റീവ് മോഷൻ സഭ ഐകകണ്ഠ്യേന പാസ്സാക്കി.

മറ്റ് അത്യാവശ്യ ബിസിനസുകളൊന്നും ഇല്ലാതിരുന്നതിനാൽ വൈകുന്നേരം 5.45-ന് സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിഞ്ഞു.







# ജനാധിപത്യത്തിന്റെ ഉത്സവം

കേരള നിയമസഭയുടെ വജ്രജൂബിലി ആഘോഷ പരിപാടികളുടെ സമാപനവുമായി ബന്ധപ്പെട്ട് ജനാധിപത്യം, ഭരണഘടന എന്നിവയെക്കുറിച്ച് പൊതുസമൂഹത്തിൽ ധാരണയും അവബോധവും വളർത്തുന്നതിനും ജനാധിപത്യത്തിന്റെ വിവിധ തലങ്ങളെ ഉയർത്തിക്കൊണ്ടു വരുന്നതിനുമായി വിവിധ പരിപാടികൾ ഉൾപ്പെടുന്ന 'ഫെസ്റ്റിവൽ ഓൺ ഡെമോക്രസി' (ജനാധിപത്യത്തിന്റെ ഉത്സവം) എന്ന പരിപാടി നിയമസഭാ സമുച്ചയത്തിൽ സംഘടിപ്പിച്ചു. ദളിതരുടെ പ്രശ്നങ്ങൾ സംബന്ധിച്ച ദേശീയ സമ്മേളനം, വനിതാ സാമാജികരുടെ ദേശീയ സമ്മേളനം, സഭാനടപടികൾ സംബന്ധിച്ച പ്രത്യേക സമ്മേളനം, ദേശീയ വിദ്യാർത്ഥി പാർലമെന്റ്, ജനാധിപത്യത്തെ സംബന്ധിച്ച ദേശീയ മാധ്യമ ശില്പശാല, കേരള വികസന മാതൃക സംബന്ധിച്ച കൺസൻസസ് കോൺക്ലേവ് എന്നിവ ഉൾപ്പെടുന്നതാണ് ജനാധിപത്യത്തിന്റെ ഉത്സവം.

കേരള നിയമസഭയുടെ വജ്രജൂബിലി ആഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിച്ച ഫെസ്റ്റിവൽ ഓൺ ഡെമോക്രസിയുടെ ഉദ്ഘാടനം നിയമസഭാ മന്ദിരത്തിൽ 2018 ആഗസ്റ്റ് 6-ന് രാഷ്ട്രപതി രാംനാഥ് കോവിന്ദ് നിർവ്വഹിച്ചു.

സ്വതന്ത്ര ഇന്ത്യയിൽ പട്ടികജാതി-പട്ടികവർഗ്ഗങ്ങളുടെ ശാക്തീകരണം നേരിടുന്ന വെല്ലുവിളികളെ സംബന്ധിച്ച ദേശീയ സമ്മേളനം 2018 ആഗസ്റ്റ് 6, 7 തീയതികളിലായി നടന്നു.

ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള എം.എൽ.എ.മാർ, എം.പി.മാർ, വിവിധ മേഖലകളിലെ വിദഗ്ദ്ധർ തുടങ്ങി ആയിരത്തിലധികം വരുന്ന പ്രതിനിധികൾ പരിപാടിയിൽ പങ്കെടുത്തു. സഭാങ്കണത്തിൽ പ്രത്യേകമായി ഒരുക്കിയ വിശാലമായ പന്തലിലാണ് ഉദ്ഘാടനചടങ്ങ് നടന്നത്. രാവിലെ 11 മണിക്ക് നിയമസഭയിലെത്തിയ രാഷ്ട്രപതി നിയമസഭാ സാമാജികരോടൊപ്പം ഫോട്ടോ സെഷനിൽ പങ്കെടുത്തു.

തുടർന്ന് നിയമസഭാ വളപ്പിൽ 'ചെങ്കുറിഞ്ഞി' എന്ന വൃക്ഷത്തിന്റെ തൈ നട്ടു. ഗവർണ്ണർ, മുഖ്യമന്ത്രി, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, മന്ത്രിമാർ, പ്രതിപക്ഷനേതാവ്, നിയമസഭാ സാമാജികർ, തദ്ദേശസ്വയംഭരണസ്ഥാപന പ്രതിനിധികൾ, വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള അതിഥികൾ, ഉദ്യോഗസ്ഥർ എന്നിവർ സന്നിഹിതരായിരുന്നു.

ഇന്ത്യൻ ജനാധിപത്യത്തിനു കേരളം സംഭാവന ചെയ്ത മഹദ്വ്യക്തികളെ രാഷ്ട്രപതി അനുസ്മരിച്ചു. തന്റെ മുൻഗാമിയായ കെ.ആർ.നാരായണൻ പ്രതിസന്ധികളും വെല്ലുവിളികളും നിറഞ്ഞ ജീവിത സാഹചര്യത്തെ ഇച്ഛാശക്തിയും ജ്ഞാനവും കഠിനാധ്വാനവും കൊണ്ട് അതിജീവിക്കുകയും രാജ്യത്തെ ഏറ്റവും ഉയർന്ന പദവിയിലേക്ക് നടന്നു കയറുകയും ചെയ്തയാളാണ് എന്ന് രാഷ്ട്രപതി അനുസ്മരിച്ചു. മുൻ മുഖ്യമന്ത്രിമാരായ ഇ.എം.എസ്., ആർ. ശങ്കർ, സി.അച്യുതമേനോൻ, കെ. കരുണാകരൻ, ഇ.കെ.നായനാർ, വി.എസ്. അച്ച്യുതാനന്ദൻ, എ.കെ.ആന്റണി, മുഖ്യമന്ത്രി പിണറായി വിജയൻ എന്നിവരെയും പ്രഥമ നിയമസഭയിലെ അംഗമായിരുന്ന ജസ്റ്റിസ് വി.ആർ.കൃഷ്ണയ്യർ, മുതിർന്ന നേതാവായ കെ.ആർ.ഗൗരിയമ്മ എന്നിവരെയും അദ്ദേഹം പ്രത്യേകം പരാമർശിച്ചു. ശങ്കരാചാര്യർ, ശ്രീനാരായണ ഗുരു, അയ്യങ്കാളി എന്നീ നവോത്ഥാന നായകരെയും രാഷ്ട്രപതി അനുസ്മരിച്ചു.

സംവാദത്തിലും പരസ്പരബഹുമാനത്തിലും അധിഷ്ഠിതമായ സംസ്കാരത്തിന് കേരളം എന്നും മൂല്യം കൽപ്പിച്ചിരുന്നുവെന്നും ദീർഘദർശികളായ ഈ സാമൂഹിക പരിഷ്കർത്താക്കൾ ഇതുതന്നെയാണ് ഉയർത്തിക്കാട്ടിയതെന്നും അദ്ദേഹം പറഞ്ഞു.

ഗവർണ്ണർ പി. സദാശിവം, മുഖ്യമന്ത്രി പിണറായി വിജയൻ, സ്പീക്കർ പി.ശ്രീരാമകൃഷ്ണൻ, മന്ത്രി എ.കെ.ബാലൻ, പ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തല, ഡെപ്യൂട്ടി സ്പീക്കർ വി.ശശി എന്നിവർ പ്രസംഗിച്ചു.



കേരള നിയമസഭാ സെക്രട്ടേറിയറ്റിനു വേണ്ടി നിയമസഭാ സെക്രട്ടറി പ്രസിദ്ധീകരിക്കുന്നത്.
വിവര വിഭവ വികസന വിഭാഗം ഫോൺ : (0471) 2512667; ഇ-മെയിൽ drd@niyamasabha.nic.in